**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3598** **15-02-2024 - ൽ മറുപടിയ്ക്ക്**

**ചരിത്രവും പൈതൃകവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ചരിത്ര സ്മാരകങ്ങളുടെയും രേഖകളുടെയും മറ്റും സംരക്ഷണവും നവീകരണവും അനിവാര്യമാണെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ പുരാവസ്തു വകുപ്പ് നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് പ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള നിർമ്മിതികളുടെയും പുരാവശിഷ്ടങ്ങളുടെയും സംരക്ഷണമാണ് പുരാവസ്തു വകുപ്പിന്റെ പ്രധാന കർത്തവ്യം. ചരിത്രപരമായും, കലാപരമായും, പുരാവസ്തുപരമായും പ്രാധാന്യമുള്ളതും നൂറ് വർഷത്തിലേറെ പഴക്കമുള്ളതുമായ ദേശീയ പ്രാധാന്യം ഇല്ലാത്ത സ്മാരകങ്ങളെയാണ് വകുപ്പ് ഇത്തരത്തിൽ സംരക്ഷിച്ചു പോരുന്നത്. ടി ആക്റ്റിന്റെ പരിധിയിൽ സംരക്ഷണയോഗ്യമെന്നു പരിശോധിച്ച് ഉറപ്പാക്കിയാണ് നിർമ്മിതികളെ സംരക്ഷിതസ്മാരകങ്ങളായി പ്രഖ്യാപിക്കുന്നതും അവയുടെ സംരക്ഷണ പ്രവൃത്തികൾ നിർവഹിക്കുന്നതും. പുരാവസ്തു വകുപ്പിൽ നിർമ്മിതി സംരക്ഷണ വിഭാഗം, രാസസംരക്ഷണ വിഭാഗം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളാണ് ചരിത്ര പൈതൃക ശേഷിപ്പുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. സംരക്ഷിത സ്മാരകങ്ങളുടെ കാലികമായ പരിശോധനകൾ നടത്തുകയും ജീർണ്ണത ബാധിക്കുന്നതായി മനസ്സിലാക്കുന്ന സന്ദർഭത്തിൽ അവ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾ നിർവഹിക്കുകയുമാണ് ചെയ്യുന്നത്. ഓരോ സ്മാരകത്തിന്റെയും പ്രത്യേകതകൾ അനുസരിച്ചുള്ള സമീപനങ്ങളാണ് നിർമ്മിതി സംരക്ഷണത്തിന്റെ കാര്യത്തിൽ വകുപ്പ് സ്വീകരിക്കുന്നത്. പരമ്പരാഗത മാർഗ്ഗങ്ങൾ ഉപയോഗിക്കേണ്ടിടത്ത് അവ പ്രയോജനപ്പെടുത്തിയും നവീന രീതികൾ അവലംബിക്കേണ്ടതായ ഇടങ്ങളിൽ അവ ഉപയോഗപ്പെടുത്തിയുമുള്ള പ്രവൃത്തികളാണ് നിർവ്വഹിക്കുന്നത്. രാസസംരക്ഷണത്തിൽ പ്രിവന്റീവ് കൺസർവേഷൻ രീതികളാണ് വകുപ്പ് മുഖ്യമായും സ്വീകരിക്കുന്നത്. സ്മാരകങ്ങൾക്ക് ജീർണ്ണത ബാധിക്കാതിരിക്കാനുള്ള മുൻകരുതലുകളാണ് ഇതിൽ |

| | | | |
|---|---|---|---|
| | | | പ്രധാനം. ദൈനംദിന പരിരക്ഷ നൽകാൻ കഴിയുന്ന അത്രയും സ്മാരകങ്ങൾക്ക് അത് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംരക്ഷിത സ്മാരകങ്ങൾക്ക് ജീർണ്ണത ബാധിക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ജീർണ്ണത ബാധിച്ചവയെ ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വിധേയമാക്കി അവയുടെ ആയുസ്സ് വർദ്ധിപ്പിക്കുകയും ചെയ്തുപോരുന്നു. ഇതുകൂടാതെ വിവിധ ഇടങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പൗരാണിക അവശിഷ്ടങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ രക്ഷാർത്ഥമുള്ള ഉത്ഖനനം നടത്തി പുരാവസ്തുക്കൾ വീണ്ടെടുത്ത് സംരക്ഷിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിക്കുന്നുണ്ട്. പുരാവസ്തു വകുപ്പിന്റെ ചുമതലയിലുള്ള പുരാവസ്തു മ്യൂസിയങ്ങളിലും ജില്ലാ പൈതൃക മ്യൂസിയങ്ങളിലും, പ്രാദേശിക മ്യൂസിയങ്ങളിലുമായി ഇത്തരത്തിൽ കണ്ടെടുക്കുന്ന പുരാവസ്തുക്കൾ പൊതുജനങ്ങൾക്കായി പ്രദർശിപ്പിച്ചു വരുന്നു.<br><br>കാലപ്പഴക്കം മൂലം നാശോന്മുഖമായ ചരിത്രരേഖകളുടെ സംരക്ഷണ പ്രവർത്തനത്തിനായി പുരാരേഖ വകുപ്പിലെ കൺസർവേഷൻ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ വിവിധ ശാസ്ത്രീയസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. രേഖകളുടെ ശാസ്ത്രീയ സംരക്ഷണത്തിന്റെ ഭാഗമായി രേഖാസംരക്ഷണം, വിഷയ സൂചിക തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾക്കായി വകുപ്പിൽ നടപ്പ സാമ്പത്തിക വർഷം 10 പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ചരിത്രപ്രധാന്യമുള്ള പുരാരേഖകളുടെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളും 2008 മുതൽ നടന്നുവരുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ ചരിത്രപരവും മാനവീയവും മഹനീയവുമായ സംസ്കൃതി വിളിച്ചോതുന്ന പുരാരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും കാലപ്പഴക്കം മൂലം നാശോന്മുഖമായ പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിന് രാസസംരക്ഷണം നൽകുന്നതിനുമുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാന പുരാരേഖാ വകുപ്പിന്റെ കൈവശമുള്ള ചരിത്രപരവും സാംസ്കാരികവുമായി പ്രാധാന്യമുള്ള പുരാരേഖകളുടെ ഡിജിറ്റൈസേഷൻ മുൻഗണനാക്രമത്തിൽ നടന്നുവരികയാണ്. കാലപ്പഴക്കം മൂലം നാശോന്മുഖമാകുന്ന ചരിത്രരേഖകളുടെ സംരക്ഷണ പ്രവർത്തനത്തിനായി വകുപ്പിലെ കൺസർവേഷൻ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ വിവിധ ശാസ്ത്രീയ രാസസംരക്ഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു. ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സാംസ്കാരിക കാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി, വകുപ്പ് തലവൻ, ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി പ്രതിനിധി, സംസ്ഥാന IT മിഷൻ പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന നാലംഗ |

| | | | |
|---|---|---|---|
| | | | കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ടി സമിതി യോഗം ചേർന്ന് ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. കൺസർവേഷൻ പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിക്കുന്നതിന് വകുപ്പ്തല സംവിധാനവും പ്രവർത്തിച്ച് വരുന്നുണ്ട് .<br><br>പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള വിവിധ മ്യൂസിയങ്ങളിലും സ്റ്റോറുകളിലും സൂക്ഷിച്ചിരിക്കുന്ന പുരാവസ്തുക്കളുടെ സംരക്ഷണ നില (conservation status) വകുപ്പ് പരിശോധിക്കുകയും ആവശ്യകത അനുസരിച്ച് അവ രാസസംരക്ഷണത്തിന് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. നിലവിൽ വകുപ്പിന്റെ കൈവശമുള്ള വിവിധ നിധിശേഖരങ്ങളുടെ രാസസംരക്ഷണ പ്രവൃത്തി പുരോഗമിക്കുകയാണ്. |
| (സി) | കേരളത്തിലെ ഏക മുസ്ലീം രാജവംശമായ കണ്ണൂർ അറയ്ക്കൽ കൊട്ടാരവും മ്യൂസിയവും അനുബന്ധ വസ്തുക്കളും സംരക്ഷിക്കുന്നതിനും സുരക്ഷിതമായ പ്രദർശനവും പരിപാലനവും നടത്തുന്നതിനും കഴിയത്തക്ക തരത്തിൽ ആവശ്യമായ നടപടികളും ഇടപെടലുകളും നടത്തുമോ? | (സി) | കണ്ണൂരിലെ അറയ്ക്കൽ കൊട്ടാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്. ഉടമസ്ഥാവകാശം യഥാർത്ഥ ഉടമസ്ഥരിൽ നിലനിർത്തിയാണ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിരുന്നത്. 2004-05 സാമ്പത്തിക വർഷം 90 ലക്ഷം രൂപ ചെലവഴിച്ച് സ്മാരകത്തിന്റെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് പൂർത്തിയാക്കിയിരുന്നു. തുടർന്ന് കെട്ടിടത്തിൽ ജീർണ്ണത ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അടിയന്തര സംരക്ഷണ പ്രവൃത്തികൾ വകുപ്പ് നിർവഹിച്ചിട്ടുള്ളതും ആയതിലേക്ക് 21,60,429/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. തുടർന്നും സംരക്ഷിത സ്മാരകത്തിന്റെ സംരക്ഷണത്തിന് ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്. എന്നാൽ അറയ്ക്കൽ കൊട്ടാരത്തിൽ സജ്ജീകരിച്ചിരിക്കുന്ന മ്യൂസിയത്തിന്റെ സംരക്ഷണ, പരിപാലന ചുമതല പുരാവസ്തു വകുപ്പിനില്ല. ടി മ്യൂസിയത്തിന്റെ നടത്തിപ്പ് ചുമതല അറയ്ക്കൽ കുടുംബവുമായി ബന്ധപ്പെട്ട അറയ്ക്കൽ ട്രസ്റ്റിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ